സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

ശബരിമല ഉൾക്കഴകം, മാളികപ്പുറം കീഴ്ശാന്തി എന്നീ ലാവണങ്ങളിലേക്കുള്ള നറുക്കെടുപ്പ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.8063/16/ശബ./മിസ്.1 നന്തൻകോട് , 15/07/2017.

---

പരാമർശം : 1. 6.7.2017-ലെ ആർഒ.സി. 10426/17/മിസ്.1 നമ്പർ ബോർഡുത്തരവ്.
2. ദേവസ്വം കമ്മീഷണറുടെ 11.07.2017-ലെ ആർ.ഒ.സി.31/17/എസ് നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ് തസ്തികകളിലേയ്ക്കുള്ള മേൽശാന്തിമാരുടെ നിയമനത്തിൽ അപാകതയുണ്ടെന്ന് വിവരിച്ച് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നിവേദനം ലഭിച്ചു. പ്രസ്തുത നിവേദനത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)-യെ ചുമതലപ്പെടുത്തുകയും ടി നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നറുക്കെടുപ്പ് നിർത്തി വയ്ക്കുന്നതിനും പരാമർശം (1) ആയി ബോർഡുത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന്, ശബരിമല ഉൾക്കഴകം, മാളികപ്പുറം കീഴ്ശാന്തി എന്നീ തസ്തികകളിലേയ്ക്ക് നറുക്കെടുപ്പ് നടത്തി നിയമിക്കുന്നതിന് ബോർഡുത്തരവ് നൽകിയതിൻ പ്രകാരം ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്നും അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ദേവസ്വങ്ങളിലെ ശാന്തിക്കാരുടെ നിയമനം സംബന്ധിച്ച് നറുക്കെടുപ്പ് നടപടികൾ നിർത്തി വയ്ക്കുന്നതിന് ബോർഡുത്തരവ് ലഭിച്ചിട്ടുള്ളതിൽ ശബരിമല ഉൾക്കഴകം, മാളികപ്പുറം കീഴ്ശാന്തി എന്നീ തസ്തികകളെ സംബന്ധിച്ച് പ്രത്യക്ഷമായ പരാമർശം യാതൊന്നും ഇല്ലായെങ്കിലും 7.7.17-ൽ ടി ദേവസ്വങ്ങളിലേയ്ക്ക് നിശ്ചയിച്ചിരുന്ന നറുക്കെടുപ്പുകൾ മാറ്റി വച്ചിട്ടുള്ളതാണെന്നും തിരുനട തുറന്നിരിക്കുന്ന സമയങ്ങളിൽ മാത്രമേ ശബരിമല, മാളികപ്പുറം എന്നീ ദേവസ്വങ്ങളിൽ നറുക്കെടുപ്പ് നടത്തുവാൻ കഴിയുകയുള്ളൂയെന്നും മേൽ സാഹചര്യങ്ങളിൽ 17.7.2017 മുതൽ 21.7.2017 വരെ തിരുനട തുറന്നിരിക്കുന്ന കാലയളവിൽ പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നറുക്കെടുപ്പ് നടത്തുന്നതിലേയ്ക്കുള്ള അനുവാദ ഉത്തരവുണ്ടാകുന്നതിലേയ്ക്കായി ദേവസ്വം കമ്മീഷണറുടെ പരാമർശം (2) റിപ്പോർട്ട് ലഭിച്ചു.

GDP

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നിവേദനവും ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത ശേഷം ശബരിമല ഉൾക്കഴകം, മാളികപ്പുറം കീഴ്ശാന്തി എന്നീ തസ്തികകളിലേയ്ക്ക് പൊതുസ്ഥലം മാറ്റത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ പൊതുസ്ഥലം മാറ്റ മാനദണ്ഡം പ്രകാരം പരിശോധിച്ച് ആയതിൽ ആരോപണ വിധേയരായവരെ ഒഴിവാക്കി നറുക്കെടുപ്പിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) ഇ.ഡി.പി സെക്ഷൻ
3) സെക്ഷൻ ഫയൽ
4) ഫയൽ ബുക്ക്
5) ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ
Vijay
അസിസ്റ്റന്റ് സെക്രട്ടറി